## മാന്നാനം മരിയാമൗണ്ട് സെന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ

# വി. എസ്തപ്പാനോസ് സഹദായുടെ തിരുനാളും കുടുംബനവീകരണധ്യാനവും

## 2017 ജനുവരി 1 മുതൽ 8 വരെ



ഇരുന്നൂറിൽ പരം വർഷങ്ങൾക്കു മുമ്പുതന്നെ ക്നാനായക്കാർ മാന്നാനത്തും പരിസര പ്രദേശങ്ങളിലും താമസം തുടങ്ങിയിരുന്നു. അക്കാലത്ത് ആത്മീയ കാര്യങ്ങൾക്കു വേണ്ടി അതിരമ്പുഴപള്ളി മാത്രമാണ് ഈ പ്രദേശത്തുണ്ടായിരുന്നത്. 1813-ൽ കൈപ്പുഴപള്ളി ഉണ്ടായതോടെ ഈ പ്രദേശത്തെ ക്നാനായക്കാർ കൈപ്പുഴപള്ളി ഇടവകക്കാരായി. മാന്നാനം പ്രദേശത്തുള്ള ക്നാനായക്കാരെ ഒന്നിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി അന്നുണ്ടായിരുന്ന 24 ക്നാനായ കുടുംബനാഥൻമാർ ഒത്തുകൂടി. കൈപ്പുഴ പള്ളി വികാരിയായിരുന്ന ബ.സിറിയക് മറ്റത്തിലച്ചന്റെ അദ്ധ്യക്ഷതയിൽ 7-8-1938 ൽ യോഗം ചേരുകയും, സെന്റ് ജോസഫ് ക്നാനായ കാത്തലിക് അസോസിയേഷൻ എന്ന പേരിൽ മാന്നാനത്ത് ഒരു സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. അസോസിയേഷൻ ഇന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1980 കാലഘട്ടമായപ്പോൾ ഈ അസോസിയേഷനിൽ 70 കുടുംബങ്ങൾ അംഗങ്ങളായി ഉണ്ടായിരുന്നു. സ്വന്തമായി ഒരു ദേവാലയവും സെമിത്തേരിയും ഉണ്ടാകണമെന്നുള്ള അംഗങ്ങളുടെ ആഗ്രഹം കോട്ടയം രൂപതാധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ അസോസിയേഷൻ ഭാരവാഹികൾ അറിയിക്കുകയും ഈ ആഗ്രഹത്തെ പിതാവ് പ്രോത്സാഹിപ്പിക്കുകയും അതിനുള്ള അനുവാദം നൽകുകയും ചെയ്തു. അതിനുവേണ്ടിയുള്ള വസ്തു വാങ്ങുന്നതിന് അസോസിയേഷൻ അംഗങ്ങൾ പിരിവെടുത്തും പല പരിപാടികൾ നടത്തിയും പണം സമാഹരിച്ചു. കൂടാതെ അരമനയിൽനിന്നും കുറെ പണം സംഭാവനയായും കുറച്ചു പണം കടമായും തന്നു. ഈ തുക ഉപയോഗിച്ച് ഇപ്പോൾ ദേവാലയം സ്ഥിതിചെയ്യുന്ന ഒരേക്കർ സ്ഥലം അരമനയ്ക്കുവേണ്ടി അസോസിയേഷൻ പ്രസിഡന്റിന്റെ പേരിൽ 1988-ൽ വാങ്ങിച്ചു.

1992 മെയ് 21 നു കൈപ്പുഴപള്ളി വികാരി ബ. തോമസ് വള്ളോപ്പള്ളിൽ അച്ചൻ ചാപ്പൽ പണിയുന്നതിനുള്ള തറക്കല്ലിട്ടു. 16-05-1993 ൽ കുന്നശ്ശേരി പിതാവ് ഈ ചാപ്പൽ വെഞ്ചരിക്കുകയും ചാപ്പലിന് വി.എസ്തപ്പാനോസ് സഹദായുടെ നാമധേയവും ചാപ്പൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് മരിയാമൗണ്ട് എന്ന പേരു നൽകുകയും ചെയ്തു. ആദ്യകാലങ്ങളിൽ വിവിധ സന്യാസാശ്രമങ്ങളിൽനിന്ന് വൈദികർ വന്നാണ് ദിവ്യബലി അർപ്പിച്ചിരുന്നത്. 1993 സെപ്റ്റംബർ മുതൽ അരമനയിൽ നിന്നും വൈദികരെ വികാർ - ഇൻ- ചാർജായി നിയമിച്ചു വന്നു.



ഇടവകക്കാരുടെ ആഗ്രഹപ്രകാരം വോൾട്ട് പണിയുന്നതിന് അരമനയിൽ നിന്നും അനുവാദം തരുകയും പണിപൂർത്തിയാക്കി 20-8-1995ൽ കുന്നശ്ശേരി പിതാവ് വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു. നിലവിലുള്ള ചാപ്പലിന്റെ സ്ഥാനത്ത് മനോഹരമായ ഇപ്പോഴത്തെ ദേവാലയം യാഥാർത്ഥ്യമാക്കിയത് വികാർ - ഇൻ-ചാർജായിരുന്ന ബഹു. ജോബി പന്നൂറയിലച്ചന്റെ നേതൃത്വത്തിലാണ്. കുന്നശ്ശേരി പിതാവും, മൂലക്കാട്ട് പിതാവും ചേർന്ന് 25-12-2004 ൽ ദേവാലയത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി. ഈ ദേവാലയത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അതതുകാലത്തെ വികാരിമാരും ഇടവകാംഗങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചിട്ടുണ്ട്. അവരെയെല്ലാം നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

മാന്നാനം പ്രദേശത്തിന്റെ സംരക്ഷകനും സെന്റ് സ്റ്റീഫൻസ് ദേവാലയത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനുമായ വി.എസ്തപ്പാനോസ് സഹദായുടെ തിരുനാൾ 2017 ജനുവരി 1 മുതൽ 8 വരെ ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ഏറെ ഹൃദ്യമായി ക്ഷണിക്കുന്നു.



ഫാ. ജെറി
പീടികവെളിയിൽ OSB
(വികാരി)



പ്രസുദേന്തി: സിറിൾ കുരുവിള വടകര & ഫാമിലി



## തിരുനാൾ പ്രോഗ്രാം

**2017 ജനുവരി 1 ഞായർ**

7.30 am.: കൊടിയേറ്റ് - ഫാ. ജെറി പീടികവെളിയിൽ OSB *(വികാർ - ഇൻ - ചാർജ്ജ്)*
പാട്ടുകുർബാന , നൊവേന, ആദ്യകുർബാന സ്വീകരണം
ഫാ. ജോബി മുപ്രാപ്പള്ളിൽ OSB (മരിയമല ആശ്രമം , കടുത്തുരുത്തി)

**2017 ജനുവരി 2 തിങ്കൾ**

6.30 am.: നൊവേന, മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകുർബാന ,
സിമിത്തേരിയിൽ ഒപ്പീസ്, മന്ത്ര
ഫാ. കുര്യൻ തട്ടാറുകുന്നേൽ OSH
(സുപ്പീരിയർ, ജനറൽ തിരുഹൃദയദാസ സമൂഹം, കോട്ടയം)

**2017 ജനുവരി 3 ചൊവ്വ**

5.30 pm.: നൊവേന, പാട്ടുകുർബാന
ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (ചങ്ങനാശ്ശേരി അതിരൂപത)
**കുടുംബ നവീകരണ ധ്യാനം** – ഫാ. ജേക്കബ് ചക്കാത്തറ
(KCYM ഡയറക്ടർ ചങ്ങനാശ്ശേരി അതിരൂപത)

**2017 ജനുവരി 4 ബുധൻ**

5.30 pm.: നൊവേന, പാട്ടുകുർബാന– ഫാ. തോമസ് ചാണാപാറയിൽ OSB
(മരിയൻ തീർത്ഥാടന കേന്ദ്രം ഹൊസൂർ, തമിഴ്നാട്)
**ധ്യാനം** – ഫാ. ജേക്കബ് ചക്കാത്തറ

**2017 ജനുവരി 5 വ്യാഴം**

5.30 pm.: നൊവേന, പാട്ടുകുർബാന, **ധ്യാനം** – ഫാ. ജേക്കബ് ചക്കാത്തറ

**2017 ജനുവരി 6 വെള്ളി**

5.30 pm.: നൊവേന, പാട്ടുകുർബാന - ഫാ. ജോർജ് നെടുംപറമ്പിൽ OFM
(വൈസ് റെക്ടർ, കപ്പൂച്ചിൻ വിദ്യാഭവൻ തെള്ളകം
**കലാസന്ധ്യ, സ്നേഹവിരുന്ന്**

**2017 ജനുവരി 7 ശനി**

5.30 pm.: നൊവേന, പാട്ടുകുർബാന - ഫാ. അലക്സ് ആക്കപറമ്പിൽ
(പ്രൊക്കുറേറ്റർ, കോട്ടയം അതിരൂപത)
6.15 pm.: **തിരുനാൾ പ്രദക്ഷിണം**
8.45 pm.: **വചനസന്ദേശം** (പള്ളിയിൽ) -
ഫാ. സ്റ്റീഫൻ വെട്ടുവേലിൽ (MSP സെമിനാരി റെക്ടർ)
പരിശുദ്ധ കുർബാനയുടെ വാഴ്വ് – ഫാ. ബിജു താഴത്തുചെരുവിൽ OSB
(പ്രിയോർ ജനറൽ മരിയമല ബനഡിക്ടൈൻ ആശ്രമം കടുത്തുരുത്തി)
**തിരുശേഷിപ്പ് വണക്കം, ബാൻഡ് ഡിസ്പ്ലേ**

**2017 ജനുവരി 8 ഞായർ**

10.00 am: **ആഘോഷമായ തിരുനാൾ റാസ**
ഫാ. ജോൺ പൂച്ചക്കാട്ടിൽ
(ജോ. ഡയറക്ടർ കാരിത്താസ് ആശുപത്രി, തെള്ളകം)
സഹകാർമ്മികർ
ഫാ. ബിജു വല്ലാർകാട്ടിൽ OSB (OSB Minor Seminary Rector)
ഫാ. രൂപേഷ് മുട്ടത്ത് OSH (തിരുഹൃദയദാസ സമൂഹം കോട്ടയം)
ഫാ. സുനോജ് കാരുപ്ലാക്കിൽ OSH (തിരുഹൃദയദാസ സമൂഹം കോട്ടയം)
ഫാ. അനീഷ് മുളവേലിപ്പുറത്ത് OSH (തിരുഹൃദയദാസ സമൂഹം കോട്ടയം)

**തിരുനാൾ സന്ദേശം**
ഫാ. ഷാജി കരിംപ്ലാനിൽ OFM (കപ്പൂച്ചിൻ വിദ്യാഭവൻ, തെള്ളകം)
തിരുനാൾ പ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ വാഴ്വ്
വെരി. റവ. ഫാ. മാത്യു കുഴിപ്പിള്ളിൽ (കൈപ്പുഴ ഫൊറോന വികാരി)






റ്റി.പി. ഫിലിപ്പ് തൊട്ടിയിൽ, ലൂക്കോസ് തോമസ് കല്ലുവെട്ടാംകുഴി — കൈക്കാരന്മാർ

സിബി ഫിലിപ്പ് ഓണശ്ശേരിയിൽ — അക്കൗണ്ടന്റ്

ചാക്കോച്ചൻ മുകളേപ്പറമ്പിൽ — ദേവാലയശുശ്രൂഷി